പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --**2911** **22.06.2012**- ൽ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ എണ്ണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u> .<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;<br><br>(ബി)ഇവരുടെ സാമൂഹ്യ-സാമ്പത്തിക പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ & ബി) കേരളത്തിനുപുറത്ത്, ഇന്ത്യയ്ക്കകത്തും വിദേശത്തും തൊഴിൽ ചെയ്യുന്ന മലയാളികളുടെ കണക്കുകളും അവരുടെ സാമൂഹ്യ സാമ്പത്തിക കുടുംബ പശ്ചാത്തലത്തെക്കുറിച്ചുള്ള വിപുലമായ രേഖകൾ ശേഖരിക്കുന്നതിനുമായി ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന തുകയും അവർക്ക് നൽകിയിട്ടുണ്ട്. 2008 വരെയുള്ള വിശദമായ കണക്കുകൾ ശേഖരിച്ച് ' കേരള മൈഗ്രേഷൻ സർവ്വേ - 2008 ' പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 – 2011 വരെയുള്ള സമഗ്രമായ വിവരങ്ങൾ കൂടി ശേഖരിച്ചാലേ പദ്ധതി പൂർത്തിയാവുകയുള്ളൂ. അതിനുള്ള നടപടികൾ വിജയകരമായി മുന്നേറുകയാണെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് അറിയിച്ചിട്ടുണ്ട്. ഇത് ഒരു "സാംപിൾ സർവ്വേ മെത്തേഡ്" പ്രകാരമുള്ള പഠനമാണ്. |
| (സി)പ്രവാസികളെ എ.പി.എൽ, ബി.പി.എൽ തരംതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) തിരിച്ചെത്തിയ നിർദ്ധനരായ പ്രവാസികളെ ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ